**റൂളിംഗ്**

മി. സ്പീക്കർ: 22.01.2018 തിങ്കളാഴ്ച ബഹുമാനപ്പെട്ട ഗവർണർ നയപ്രഖ്യാപനം നടത്തവെ തന്റെ പ്രസംഗം മുഴുവൻ സഭയിൽ വായിക്കാതിരുന്നത് സംബന്ധിച്ച് ഉന്നയിക്കപ്പെട്ട ക്രമപ്രശ്നങ്ങളെ സംബന്ധിച്ചുള്ള റൂളിംഗ്.

ഇന്ത്യൻ ഭരണഘടനയിലെ 176(1) പ്രകാരം സംസ്ഥാന ഗവർണർമാർ നിയമസഭയിൽ നടത്തിയിട്ടുള്ള നയപ്രഖ്യാപന പ്രസംഗങ്ങളെ സംബന്ധിച്ച് നിരവധി ക്രമപ്രശ്നങ്ങളും നിയമപ്രശ്നങ്ങളും രാജ്യത്തൊട്ടാകെ മുമ്പും ഉയർന്ന വന്നിട്ടുണ്ട്. അതുപോലെതന്നെ അനുച്ഛേദം 87(1) പ്രകാരം ഇന്ത്യൻ രാഷ്ട്രപതി പാർലമെന്റിലെ ഇരു സഭകളിലെയും അംഗങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് നടത്തിയ പ്രസംഗങ്ങളെ സംബന്ധിച്ചും ഇത്തരത്തിലുള്ള വിമർശനങ്ങളും ആക്ഷേപങ്ങളും സഭാതലത്തിലും നിയമകോടതികളിലും ഉയർന്നുവന്നിട്ടുണ്ട്. അത് നമുക്കെല്ലാം അറിവുള്ളതാണ്. അത്തരം സന്ദർഭങ്ങളിലൊക്കെതന്നെ സഭാ അദ്ധ്യക്ഷൻമാരും കോടതികളും പൊതുവായി സ്വീകരിക്കപ്പെട്ട സമീപനവും ചരിത്രത്തിന്റെ ഭാഗമാണ്. കേരള നിയമസഭയിൽ മുൻകാലങ്ങളിൽ ഗവർണർമാർ നടത്തിയിട്ടുള്ള പ്രസംഗം പരിശോധിച്ചാൽ ഒട്ടേറെ തവണ പ്രസംഗങ്ങൾ

പൂർണമായി വായിച്ചിരുന്നില്ല എന്ന് കാണാവുന്നതാണ്. വിവിധങ്ങളായ കാരണങ്ങളാൽ ആണ് പ്രസംഗങ്ങൾ പൂർണ്ണമായി വായിക്കപ്പെടാതിരുന്നതെങ്കിൽ കൂടി അനുസംബന്ധിച്ച് സഭാതലത്തിൽ ക്രമപ്രശ്നങ്ങൾ ഉയർന്നുവന്നിരുന്ന സാഹചര്യത്തിൽ അതാത് കാലങ്ങളിലെ സ്പീക്കർമാർ നൽകിയിട്ടുള്ള റൂളിംഗുകൾ ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി. അത്തരത്തിൽ വളരെ പ്രസക്തമായ ഏതാനും സന്ദർഭങ്ങൾ മാത്രം ഇവിടെ ചൂണ്ടിക്കാണിക്കുവാൻ ചെയർ ആഗ്രഹിക്കുകയാണ്. 1982 ജനുവരി 29-ാം തീയതിയിലെ ഗവവർണറുടെ പ്രസംഗം മുഴുവനായി വായിക്കാതിരുന്നത് സംബന്ധിച്ച ക്രമപ്രശ്നത്തിൻമേൽ അന്നത്തെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. സി. ജോസ്, 1982 ഫെബ്രുവരി 5-ാം തീയതി നടത്തിയ റൂളിംഗ്, 1996 ജൂലൈ 12-ാം തീയതിയിലെ ഗവർണറുടെ പ്രസംഗം സംബന്ധിച്ച് 1996 ജൂലൈ 16-ാം തീയതി ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാർ നടത്തിയ റൂളിംഗ്, 2001 ജൂൺ 29-ാം തീയതിയിലെ ഗവർണറുടെ പ്രസംഗം സംബന്ധിച്ച് 2001 ജൂലൈ 2-ാം തീയതി ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമൻ നടത്തിയ റൂളിംഗ്. മേൽപ്പറഞ്ഞ സന്ദർഭങ്ങളിൽ ഉണ്ടായിട്ടുള്ള വ്യക്തമായ റൂളിംഗുകളുടെ അടിസ്ഥാനത്തിൽ ജനുവരി 22-ാം തീയതി ബഹുമാനപ്പെട്ട ഗവർണർ ഈ സഭയിൽ നടത്തിയ പ്രസംഗത്തെ സംബന്ധിച്ച്

ഇവിടെ ഉയർന്നുവന്ന ക്രമപ്രശ്നങ്ങളെ വിലയിരുത്തുമ്പോൾ ബഹുമാന്യരായ എന്റെ മുൻഗാമികൾ വളരെ അവധാനതയോടെ നൽകിയിട്ടുള്ള പ്രസ്തുത റൂളിംഗുകളുടെ സ്പിരിറ്റ് ഉൾക്കൊള്ളാതിരിക്കാനോ അതിന്റെ അന്ത:സത്തയിൽനിന്നും വ്യതിചലിക്കുവാനോ വേറിട്ട് റൂളിംഗ് നൽകുന്നതിനോ ചെയറിനെ പ്രേരിപ്പിക്കുന്ന ഒരു ഘടകവും ഇല്ലെന്ന് തന്നെയാണ് കാണുന്നത്. അതുകൊണ്ടുതന്നെ ഉയർന്നുവന്ന ക്രമപ്രശ്നങ്ങൾ നിലനിൽക്കുന്നതല്ലെന്നും ഇവിടെ അച്ചടിച്ച് വിതരണം ചെയ്ത പ്രസംഗത്തിൽ ഏതെങ്കിലും തരത്തിലുള്ള തിരുത്തലുകൾ ബഹുമാനപ്പെട്ട ഗവർണർ നിർദ്ദേശിച്ചിട്ടില്ലാത്തതിനാലും അത് പൂർണ്ണമായും ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗമായി പരിഗണിക്കാവുന്നതാണെന്നും വായിക്കാൻ വിട്ടുപോയത് ഒരു കാരണമായി കാണാനാകില്ലെന്നും ചെയർ റൂൾ ചെയ്യുന്നു.